**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027** **07-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനം വകുപ്പിന്റെ കീഴിലുള്ള റീബിൾഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ രണ്ട് പേരെ യഥാക്രമം ജി.ഐ.എസ് സ്പെഷ്യലിസ്റ്റ്, പ്രൊജക്ട് മാനേജർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷനിൽ ഒരു ഡെവലപ്മെന്റ് എക്സ്പെർട് തസ്തികയിലും, ഒരു മാർക്കറ്റിങ് മാനേജർ തസ്തികയിലും കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. വനം വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ താത്ക്കാലിക നിയമനങ്ങളുടെ വിവരം അനുബന്ധമായി നൽകുന്നു. |
| (ബി) | ഇപ്രകാരം നിയമിതരായവർക്ക് വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | റീബിൾഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച രണ്ട് ജീവനക്കാർക്ക് 90,000/- (തൊണ്ണൂറായിരം) രൂപയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലികാടിസ്ഥാനത്തിൽ നിയമിതരായ 24 ജീവനക്കാരിൽ കാലാവധി കഴിയാതെ നിലവിൽ തുടർന്ന് വരുന്ന 11 ജീവനക്കാർക്ക് 2,48,574/- (രണ്ട് ലക്ഷത്തി നാല്പത്തി എണ്ണായിരത്തി അഞ്ഞൂറ്റി എഴുപത്തിനാല്) രൂപയും, കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷനിൽ മാർക്കറ്റിങ് മാനേജർ തസ്തികയിൽ നിയമിച്ച ജീവനക്കാരന് 35,000/- (മുപ്പത്തിഅയ്യായിരം) രൂപയും വേതനത്തിനും മറ്റു അനുകൂല്യങ്ങൾ ക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങൾക്കായി അവലംബിച്ച മാർഗം | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 24 താത്ക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. 30.09.2020- ലെ സ.ഉ(സാധാ)നം.225/2020/വനം ഉത്തരവ് പ്രകാരം |

| | | | |
|---|---|---|---|
| | എന്താണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നും വിശദമാക്കുമോ? | | എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലാണ് ജി.ഐ.എസ് സ്പെഷ്യലിസ്റ്റിനെ, റീബിൾഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കായി 18.03.2022 മുതൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. റീബിൾഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ നടത്തിപ്പിനായി 21.01.2021-ൽ കൂടിയ രണ്ടാമത് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം അനുസരിച്ച് ഐ.ഐ.എഫ്.എം, ഭോപ്പാലിൽ നിന്നും പി.ജി ഡിപ്ലോമ ഉള്ളവരിൽ നിന്നും ഓൺലൈൻ മുഖേന നടത്തിയ അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് പ്രൊജക്ട് മാനേജരെ 22.04.2022 മുതൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷനിൽ നേരിട്ട് അഭിമുഖം മുഖേനയാണ് നിയമനം നടത്തിയിട്ടുള്ളത് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | ഡ്രൈവർ | 13 |
| 2. | ടൈപ്പിസ്റ്റ് | 1 |
| 3. | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | 4 |
| 4. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 5. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 4 |
| 6. | ക്ലർക്ക് കം ടൈപ്പിസ്റ്റ് | 1 |
| | ആകെ | 24 |

Noushad
സെക്ഷൻ ഓഫീസർ